# ബ്രഹ്മാനന്ദവിലാസം
# എൽ.പി. സ്കൂൾ
# ആനാരി



## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-2026

# അക്കാദമിക മാസ്റ്റർ പ്ലാൻ

| | |
|---|---|
| സ്കൂളിൻെറ പേര്, ലാൻറ് നമ്പർ | ബ്രഹ്മാനന്ദവിലാസം എൽ.പി. എസ്സ്, ആനാരി |
| റവന്യൂ വില്ലേജ്/ റോഡ് | ചെറുതന, വാർഡ് 5 |
| ക്ലസ്റ്ററിൻെറ പേര് | ഗവ.യു.പി.എസ്സ്, ആയാപറമ്പ് |
| പഞ്ചായത്ത് | ചെറുതന |
| ബ്ലോക്ക് | ഹരിപ്പാട് |
| ജില്ല | ആലപ്പുഴ |
| പ്രധാന അദ്ധ്യാപികയുടെ പേരും ഫോൺ നമ്പറും | ദീപ്തി.ജി 9605708835 |

# ആമുഖം

ഓരോ കുട്ടിയുടെയും അറിവും കഴിവും അതാത് പ്രായഘട്ടത്തിനനുസൃതമായി കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിലൂടെ ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കി, വിദ്യാലയങ്ങളെ മികവിൻെറ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തിലെത്താൻ, മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് ആസൂത്രണം ആവശ്യമാണ്. വിദ്യാഭ്യാസ അവകാശ നിയമം മുന്നോട്ട് വെയ്ക്കുന്ന ആശയങ്ങളിൽ ഊന്നി നിന്നുകൊണ്ട് ശിശുകേന്ദ്രീകൃതവും പ്രക്രിയാബന്ധിതവുമായി പഠനപാഠ്യേതര വിഷയങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് വിദ്യാലയത്തെ മികവിൻെറ കേന്ദ്രമാക്കി മാറ്റാനുള്ള ശ്രമം ഈ വിദ്യാലയത്തിൽ തുടങ്ങുന്നു. പഠനനേട്ടം, ഉള്ളടക്കസ്വഭാവം, പഠിതാക്കളുടെ വ്യത്യസ്തനിലവാരം എന്നിവ തിരിച്ചറിഞ്ഞ് വിവിധ പഠന-ബോധനരീതികൾ നടപ്പാക്കുന്നതിനുള്ള വഴക്കം, കണ്ടെത്തൽ പഠനം, ആശയസമ്പാദനരീതി, ആഗമനചിന്താരീതി, ചിന്തയെക്കുറിച്ച് ചിന്തിക്കാനുള്ള കഴിവുകൾ വളർത്തൽ, സഹകരണപഠനം, സഹവർത്തിതപഠനം, പ്രതിഫലനചിന്ത വളർത്തൽ, വ്യക്തിപരമായും സംഘപരമായും അവസരങ്ങൾ നൽകൽ മുതലായവ പരിഗണിച്ചുള്ള പഠനപ്രവർത്തനങ്ങൾ വരും വർഷങ്ങളിൽ പ്രാവർത്തികമാക്കുവാൻ ആഗ്രഹിക്കുന്നു.

# ലക്ഷ്യങ്ങൾ

1) ഒന്നു മുതൽ നാല് വരെ ഓരോ ക്ളാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക. (പഠന വിഷയങ്ങളിൽ ആശയദൃഢത ഉണ്ടാകണം.കലാകായിക പ്രവൃത്തി പരിചയ പഠനത്തിൽ പങ്കാളിത്തവും താത്പര്യവും ഉറപ്പാക്കണം. ഓരോ കുട്ടിയുടെയും ഭാഷയിൽ ആശയവിനിമയശേഷി നേടണം.)

2) പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകി അവരെ മുഖ്യധാരയിലെത്തിക്കുക.

3) കുട്ടികളിലെ സർഗ്ഗാത്മകത കണ്ടെത്തി ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകുക.

4) ഐ. സി. ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.

5) ക്ലാസ്സ് ലൈബ്രറി, , സ്കൂൾ ലൈബ്രറി എന്നിവ പഠനപ്രക്രിയയുടെ ഭാഗമാക്കുക.

6) ഭൗതിക സൗകര്യങ്ങൾ, അക്കാദമിക നിലവാരം, സാമൂഹികബന്ധം എന്നിവ മെച്ചപ്പെടുത്തി പൊതുസമൂഹത്തെ സ്കൂളിലേക്ക് ആകർഷിക്കുക.

7) കലാകായിക പ്രവൃത്തി പരിചയമികവ് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ ഭൗതിക, സാംസ്കാരിക സൗകര്യമൊരുക്കുക.

8) പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദമയവുമാകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതികസാഹചര്യങ്ങൾ വികസിപ്പിക്കുക.

9) ലഘുപഠന യാത്രകൾ, ശിൽപ്പശാലകൾ, വിദഗ്ദ്ധരുടെ ക്ലാസ്സുകൾ തുടങ്ങി വൈവിദ്ധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

10) കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക, മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തുക.

11) സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ പ്രയോജനപ്പെടുത്തുക.

# സ്കൂൾ ചരിത്രം

എല്ലാ മതവിഭാഗങ്ങളിലും ഉള്ള കുട്ടികളും വിദ്യ അഭ്യസിച്ചുവന്ന ഒരു സരസ്വതീക്ഷേത്രമായി ഇന്നും തല ഉയർത്തിനിൽക്കുന്ന ആനാരി ബ്രഹ്മാനന്ദ വിലാസം സ്കൂൾ സ്ഥാപിച്ചത് 1918 ജൂണിൽ ആണ്. രണ്ട് അദ്ധ്യാപകരോടു കൂടി 1,2 ക്ലാസ്സുകൾ മാത്രമായി പ്രവർത്തനം ആരംഭിച്ച ഈ സ്കൂൾ ആദ്യം നിലനിന്നിരുന്നത് സ്കൂൾ മാനേജരായ ശ്രീ. സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ ഇല്ലത്തിന്റെ കിഴക്കുവശത്തുള്ള പുരയിടത്തിൽ ആയിരുന്നു. 9 വർഷത്തിനു ശേഷം മൂന്നാം ക്ലാസ്സും നാലാം ക്ലാസ്സും ആരംഭിച്ചു. ആദ്യകാലങ്ങളിൽ സ്കൂൾ മാനേജരുടെ വകയായിട്ടായിരുന്നു ഉച്ചഭക്ഷണം നടത്തിയിരുന്നത്. തുടർന്ന് ഗവൺമെന്റ് സൗജന്യം നടത്തിയ കാലയളവ് മുതൽ ഇന്ന് സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് മാറ്റി. ഏതാണ്ട് നാല് തലമുറകളിലായി ആയിരക്കണക്കിന് വിദ്യാർത്ഥികൾ പ്രാഥമികവിദ്യാഭ്യാസം നേടി ഈ സ്ഥാപനത്തിൽ നിന്ന് പുറത്തിറങ്ങി. അവരിൽ മിക്കവരും ഉന്നതസ്ഥാനത്ത് എത്തിച്ചേർന്നിട്ടുണ്ട്.

സാമ്പത്തികമായി ഇടത്തരവും വളരെ താഴ്ന്ന നിലവാരത്തിലും ഉള്ള കുട്ടികളാണ് ഈ സ്കൂളിൽ എത്തുന്നത്. അവരിൽ പലരുടെയും ഗാർഹികപശ്ചാത്തലം വളരെ മോശമാണ്. ഇങ്ങനെയുള്ള കുടുംബങ്ങളിൽ ടീച്ചേഴ്സും രക്ഷകർത്താക്കളും അടങ്ങുന്ന സംഘങ്ങൾ സന്ദർശനം നടത്തി അവരുടെ സാമൂഹികപശ്ചാത്തലത്തിൽ ഗുണകരമായ വ്യതിയാനങ്ങൾ വരുത്തുവാൻ ശ്രമിക്കുന്നുണ്ട്.

# വിദ്യാലയം മികവിൻെറ കേന്ദ്രം,

## കാഴ്ച്ചപ്പാട്

സ്കൂളിൻെറ ഭൗതീക സാഹചര്യങ്ങൾ പി.റ്റി.എ, പൂർവ്വവിദ്യാർത്ഥി, പൂർവ്വഅധ്യാപക കൂട്ടായ്മകൾ, സന്നദ്ധ സംഘടനകൾ, തദ്ദേസ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ മെച്ചപ്പെടുത്തി ആകർഷകമായ ഒരു വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ ഏറ്റെടുത്ത് നടത്താനാകണം.

- സ്കൂളിന് 6 സ്മാർട്ട് ക്ലാസ്സ് റൂമുകൾ, കമ്പ്യൂട്ടർ ലാബ്, ക്ലാസ്സ് ലൈബ്രറി സൗകര്യങ്ങൾ, സ്റ്റേജ്, കർട്ടൻ, മൈക്ക് സെറ്റ് എന്നീ സൗകര്യങ്ങൾ ഉണ്ടാകണം.
- കളിസ്ഥലത്ത് വ്യത്യസ്ഥമായ കളികൾ നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കണം. വിവിധ കളികൾ പരിശീലിപ്പിക്കുന്നതിന് പരിശീലകരെ സ്പോൺസർ ചെയ്യിപ്പിക്കണം. സ്കൂളിന് ആവശ്യമായ കളിഉപകരണങ്ങൾ വാങ്ങണം.
- ചുറ്റുമതിലും ആകർഷകമായ സ്കൂൾ കവാടവും നിർമ്മിക്കണം. സ്കൂൾ വളപ്പിലെ മരങ്ങൾക്ക് ചുറ്റും തറകെട്ടി കുട്ടികൾക്ക് ഇരിപ്പിട സൗകര്യം ഉണ്ടാക്കണം. ജൈവവൈവിധ്യ പാർക്ക്, ശലഭോദ്യാനം എന്നിവ നിർമ്മിക്കണം. സ്കൂൾ അങ്കണത്തിൽ മനോഹരമായ പൂന്തോട്ടം നിർമ്മിക്കണം.
- ക്ലാസ്സ് മുറിയിലെ ഭിത്തികൾ കുട്ടികളെ ആകർഷിപ്പിക്കുന്ന രീതിയിൽ ചിത്രങ്ങളെക്കൊണ്ട് നിറയ്ക്കണം.
- കുട്ടികൾക്ക് ഊണുമുറി ഉറപ്പാക്കണം.
- പ്രഭാത ഭക്ഷണം ആവശ്യമുള്ള കുട്ടികൾക്ക് അത് നൽകാൻ കഴിയണം. വിഷരഹിത പച്ചക്കറികൾ ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുന്നതിന് വേണ്ടി സ്കുളിൽ ജൈവപച്ചക്കറി കൃഷി ആരംഭിക്കണം.
- ദിനാചരണങ്ങളും പൊതു ആഘോഷങ്ങളും സമൂഹത്തിൻെറ പങ്കാളിത്തത്തോടെ വിപുലമായി ആഘോഷിക്കണം.

- നിലവിലുള്ള ടോയ്‌ലറ്റുകളുടെ ഭൗതീകമായ പരിമിതികൾ പരിഹരിച്ച് കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്‌ലറ്റുകൾ നിർമ്മിക്കണം. കൂടാതെ ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പറ്റുന്ന രീതിയിലുള്ളവ നിർമ്മിക്കണം.
- വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കിയും പിന്തുണ നൽകിയും കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സ്കൂളിൽ സാധ്യമാക്കണം.
- അവസര തുല്യത, സാമൂഹിക നീതി, ഗുണമേന്മ എന്നിവ ഉറപ്പാക്കുന്ന പഠനപരിസരവും, പഠനാന്തരീക്ഷവും ഉറപ്പാക്കണം.
- പ്ലാസ്റ്റിക് വിമുക്ത, ലഹരി വിമുക്ത, കീടനാശിനി വിമുക്ത കാമ്പസ് ഉറപ്പാക്കണം.
- ശാസ്ത്രീയമായ പ്രീ സ്കൂൾ പഠനം സാധ്യമാക്കണം.
- പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന കൊടുത്ത് അവരെ മുഖ്യധാരയിലെത്തിക്കുക.
- ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി മികച്ച പഠനത്തിനായി എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആക്കുകയും മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലത്തിലെത്താൻ സഹായകരമായ പഠനാവസരങ്ങൾ നൽകി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കണം.

# സ്കൂളിലെ ഭൗതിക സാഹചര്യം

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| അഡിഷണൽ ക്ലാസ് മുറി | 6 | 2 |
| ആൺ കുട്ടികൾക്കായുള്ള ടോയ്‌ലറ്റ് | 1 | 1 |
| പെൺ കുട്ടികൾക്കായുള്ള ടോയ്‌ലറ്റ് | 1 | 1 |
| സുരക്ഷിതവും ആവശ്യാനുസരണം ഉപയോഗിയ്ക്കാൻ കഴിയുന്ന തരത്തിലുമുള്ള കുടിവെള്ള സൗകര്യം | കിണർ | |
| പ്രധാന അധ്യാപകമുറി | ഉണ്ട് | സ്റ്റാഫ് റൂം വേണം |
| ചുറ്റുമതിൽ/ഹരിതവേലി/മറ്റ് വേലികൾ | ഇല്ല | ചുറ്റ് മതിൽ വേണം, ഗേറ്റ് ഉണ്ട് |
| കളിസ്ഥലം | ഉണ്ട് | |
| ക്ലാസ് മുറിയിൽ റാമ്പ് വിത്ത് ഹാൻഡ് റെയിൽ | ഉണ്ട് | |
| അടുക്കള | ഉണ്ട് | |
| അഡാപ്റ്റഡ് ടോയ്‌ലറ്റ് | ഇല്ല | |
| ഡൈനിങ്ങ് ഹാൾ | ഇല്ല | ഡൈനിങ്ങ് ഹാൾ വേണം |

## അക്കാദമികം - പരിമിതികൾ

- കമ്പ്യൂട്ടർ പഠനവും, ICT സാധ്യതയും കൂടുതൽ ഫലപ്രദമായി നടത്താൻ ഒരു ക്ലാസിന് ഒരു കമ്പ്യൂട്ടർ വച്ചെങ്കിലും വേണം, പ്രോജക്ടർ വേണം.

- കലാകായിക പ്രവൃത്തി പരിചയ പഠനങ്ങൾക്ക് അതാത് വിഷയങ്ങളിൽ പ്രത്യേകം പരിശീലനം ലഭിച്ച അധ്യാപകരുടെ സേവനം ലഭിക്കുകയാണെങ്കിൽ കുട്ടികളെ കൂടുതൽ മികവിലേക്കെത്തിക്കാൻ സാധിക്കും.

- കൂടുതൽ രക്ഷിതാക്കളും സാമ്പത്തിക നിലവാരത്തിൽ പിന്നോക്കം നിൽക്കുന്നവരായതിനാൽ പിടിഎയുടെ സാമ്പത്തിക സഹായത്തോടെ സ്കൂളിലെ ഒരു പ്രവർത്തനവും നടക്കില്ല. പഠനയാത്രകൾക്ക് കുട്ടികളെ കൊണ്ടുപോകാനും ഈ സാമ്പത്തിക പ്രശ്നം നിലനിൽക്കുന്നു. സ്ക്കൂൾ വാഹനം, പ്രീപ്രൈമറി അധ്യാപകരുടെ വേതനം, സ്ക്കൂളിലെ ആഘോഷ പരിപാടികൾ എന്നിവയുടെയെല്ലാം സാമ്പത്തിക ചുമതല അധ്യാപകരാണ് വഹിക്കുന്നത്.

# നേട്ടങ്ങൾ

- രണ്ടു മൂന്ന് വർഷങ്ങളായി തുടർച്ചയായി ശാസ്ത്രമേളകളിൽ ജില്ലാതല മത്സര ജേതാക്കളിൽ ഈ സ്കൂളിലെ വിദ്യാർത്ഥികളും അംഗങ്ങളാണ്.
- LSS സ്കോളർഷിപ്പിനും ഈ സ്കൂളിലെ വിദ്യാർത്ഥികൾ അർഹരായിട്ടുണ്ട്.
- കലാകായിക മത്സരങ്ങളിലും കുട്ടികൾ മികവു പുലർത്തുന്നു.
- അക്ഷരമുറ്റം, ക്വിസ് മത്സരം, ബാലജനസഖ്യ പരിപാടികൾ തുടങ്ങിയവയിൽ കുട്ടികൾ മികച്ച പ്രകടനം കാഴ്ച വെയ്ക്കുന്നുണ്ട്.
- ക്ലാസ്സ് ലൈബ്രറി പ്രവർത്തനം സജീവമായി നടക്കുന്നുണ്ട്.
- കുടുംബശ്രീ, കൃഷിഭവൻ എന്നിവയുടെ സഹായത്തോടെ കഴിഞ്ഞ വർഷം നടത്തിയ ജൈവ പച്ചക്കറി കൃഷി വിജയമായിരുന്നു
- ഒന്നു മുതൽ 4 വരെ ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും മാതൃഭാഷ വായിക്കാനും എഴുതുവാനും അറിയാം.

# പ്രവർത്തന പദ്ധതി
# മേഖല : അക്കാദമികം
# ഉപമേഖല : മാതൃഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും മലയാളം തെറ്റില്ലാതെ എഴുതുവാനും ഒഴു വായിക്കാനും രചനാ പ്രവർത്തനങ്ങൾ നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ | പഠനനില കണ്ടെത്താനായി പ്രീ-ടെസ്റ്റ് | ജൂൺ രണ്ടാമത്തെ ആഴ്ച്ച | ക്ലാസ്സ് ടീച്ചർ | അധ്യാപകർ 100 |
| | പരിമിതികൾ പരിഹരിക്കാനായി പ്രവർത്തന പാക്കേജ് ആസൂത്രണം ചെയ്യൽ | ജൂലായ് | പ്രഥമാധ്യാപിക അധ്യാപകർ | |
| | ക്ലാസ്സ് ലൈബ്രറി, വായനാ സാമഗ്രികൾ, പത്രം എന്നിവ കൂടുതൽ കാര്യക്ഷമമായി കൊണ്ടു പോകുക. | ജൂൺ 19 മുതൽ | ക്ലാസ്സ് ടീച്ചർ | |
| | എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പറ്റിയ പുസ്തകം, വായനാ കാർഡ് തയ്യാറാക്കൽ | ജൂൺ 19 മുതൽ | അധ്യാപകർ രക്ഷിതാക്കൾ | |
| | മലയാളത്തിളക്കത്തിലെ പ്രവർത്തനങ്ങൾ ദിവസവും അര മണിക്കൂർ വീതം | ജൂലായ് | ക്ലാസ്സ് ടീച്ചർ | |
| | ദിവസവും അസംബ്ലിയിൽ ഒരു പുസ്തകം പരിചയം | ജൂലായ് മുതൽ | ക്ലാസ്സ് ടീച്ചർ | |
| | മാസത്തിൽ ഒരിക്കൽ ഒരു കഥയെ നാടകം, ആക്ഷൻ സോംഗ്, ഡാൻസ് തുടങ്ങി മറ്റ് രൂപങ്ങളിലേയ്ക്കായി ഓരോ ക്ലാസ്സും അവതരിപ്പിക്കൽ, കഥ ചാർട്ടിൽ പ്രദർശിപ്പിക്കൽ | മാസത്തിൽ ഒരിക്കൽ | മലയാളം ക്ലബ്ബ് കൺവീനർ കുട്ടികൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | പഠന മാസത്തിൽ ഒരു ക്ലാസ് മാഗസിൻ | മാസത്തിൽ 1 ദിവസം | മലയാളം ക്ലബ്ബ് ക്ലാസ് ടീച്ചറും | അധ്യാപകർ 500 |
| | സ്കൂളിൽ പത്രം ബാലരമ, തളിര്, കളിക്കുടുക്ക എന്നിവ വരുത്തുകയും സമീപ വീടുകളിൽ നിന്ന് ശേഖരിക്കു | ജൂലൈ | പ്രഥമ അധ്യാപിക അധ്യാപകർ | |
| | കയും ചെയ്യുന്നു. ഉച്ച ഭക്ഷണത്തിന് ശേഷം ക്ലാസ് ആരംഭിക്കുന്നതുവരെ ഇവ മലയാളം ക്ലബ്ബിന്റെ നേതൃത്വത്തിൽ വിതരണം ചെയ്ത് വായിപ്പിക്കൽ | എല്ലാ ദിവസവും | മലയാളം ക്ലബ്ബ് | പി.ടി.എ 2000/- |
| | ഓരോ മാസാവസാനവും വായനാ മത്സരം , ആഭരണങ്ങളണിയിക്കാം (Std. I, II, ചിഹ്നങ്ങൾ വിട്ടവ പൂരിപ്പിക്കൽ) കേട്ടെഴുതാം (Std. III, IV, അധ്യാപിക പറയുന്ന കഥ ലേഖനം കേട്ടെഴുതൽ) നടത്തി വായനാ ലേഖന പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. | എല്ലാ മാസത്തിലേയും അവസാന ദിവസം | ക്ലാസ്സ് ടീച്ചർ | |
| | ഓരോ ദിനാചരണങ്ങൾക്കും മുന്നോടിയായി പോസ്റ്റർ, നോട്ടീസ്, അനൗൺസ്മെന്റ് തയ്യാറാക്കി അവതരിപ്പിക്കൽ | | ക്ലാസ്സ് ടീച്ചർ | |

# മേഖല- അക്കാദമികം

## ഉപമേഖല- ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | പഠന നില കണ്ടെത്താനാൻ പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് ഓരോ കുട്ടിയുടേയും പരിമിതികൾ കണ്ടെത്തുന്നു. | ജൂൺ 2 | ക്ലാസ്സ് ടീച്ചർ SRG | |
| | ഇംഗ്ലീഷിലുള്ള അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരണം. മാസത്തിൽ ഒരു ദിവസം എല്ലാ ക്ലാസ്സിൽ നിന്നും ഒരു പരിപാടി അവതരിപ്പിക്കൽ | എല്ലാ മാസവും ആദ്യ വെള്ളി | ക്ലാസ് ടീച്ചർ ഇംഗ്ലീഷ് ക്ലബ്ബ് | |
| | ഇംഗ്ലീഷ് ക്ലാസ്സ് ലൈബ്രറി (വായനാ സാമഗ്രികൾ ലഘു വായനാ പുസ്തകം പത്രം) | ജൂലൈ മുതൽ | പ്രഥമാധ്യാപകൻ ക്ലാസ്സ് ടീച്ചർ | |
| | എല്ലാ ദിവസവും നോട്ടീസ് ബോർഡിൽ ഒരു ഇംഗ്ലീഷ് വാക്ക് എഴുതുന്നു. ഓരോ ക്ലാസ്സിൽ നിന്നും ഒരു കുട്ടിയുടെ നമ്പർ നറുക്കിട്ടെടുക്കുന്നു. ആ കുട്ടി ഉച്ചയ്ക്ക് ശേഷം കിട്ടിയ പദവുമായി ബന്ധപ്പെട്ട് പരമാവധി കാര്യങ്ങൾ ഇംഗ്ലീഷിൽ പറയുന്നു. | എല്ലാ ദിവസവും | ക്ലാസ്സ് ടീച്ചർ | |
| | ഇംഗ്ലീഷിലുള്ള ഡയറിക്കുറുപ്പ് | ആഴ്ചയിൽ 2 | ക്ലാസ്സ് ടീച്ചർ | |
| | പതിപ്പുകൾ, മാഗസിനുകൾ | ജൂൺ മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| | രചനാ ശിൽപശാലകൾ | ഫെബ്രുവരി | പ്രഥമാധ്യാപിക P.T.A ക്ലാസ്സ് ടീച്ചർ | |

# മേഖല- അക്കാദമികം

## ഉപമേഖല- ശാസ്ത്ര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 മുതൽ 4 വരെ ക്ലാസ്സുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടമുറപ്പാക്കുന്നതിനും എല്ലാ ക്ലാസ്സുകളിലും ശാസ്ത്ര മൂല പരീക്ഷണ നിരീക്ഷണങ്ങളോട് താത്പര്യം വർദ്ധിപ്പിക്കൽ | ഒന്ന് മുതൽ 4 വരെ പഠനത്തിന് സഹായകരമായ ശാസ്ത്ര മൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ അവസാന വാരം | SRG | |
| | തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ വാങ്ങേണ്ടവ ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ എന്ന് തരം തിരിക്കൽശാസ്ത്ര മൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, ഉറപ്പായും നടത്തേണ്ട പരീക്ഷണങ്ങൾ എന്നിവ കണ്ടെത്തൽ | ജൂൺ അവസാന വാരം | SRG | |
| | സാമഗ്രികൾ വാങ്ങൽ | ആഗസ്റ്റ് | H.M, S.R.G | |
| | ശാസ്ത്രമൂലയ്ക്ക് ക്രമീകരിക്കാൻ ആവശ്യമായ ക്രമീകരണം | ആഗസ്റ്റ് 2-ാം വാരം | H.M, PTA | |
| | പരീക്ഷണ ശിൽപശാല പഞ്ചായത്തിലെ മറ്റ് അധ്യാപകർക്കും പങ്കെടുക്കുവാനവസരം 1 മുതൽ 4 വരെ ക്ലാസിലെ ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്ത് പരിശീലിക്കൽ | ഡിസംബർ അവസാന വാരം | H.M, SRG കൺവീനർ പി.ഇ.സി കൺവീനർ | |
| | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ശാസ്ത്ര ക്ലബ്ബ് രൂപീകരിക്കൽ മാസത്തിൽ ഒരു ദിവസം ശാസ്ത്രവുമായി ബന്ധപ്പെട്ട ഒരു പരിപാടി നടത്തൽ | എല്ലാ മാസവും 2-ാം വെള്ളി | സയൻസ് ക്ലബ്ബ് കൺവീനർ | |
| | ശാസ്ത്ര കൗതുക വാർത്തകൾ, ചിത്രങ്ങൾ എന്നിവ ശേഖരിച്ച് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കൽ | ജൂലായ് മുതൽ | സയൻസ് ക്ലബ്ബ് കൺവീനർ | |
| | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് 1 മുതൽ 4 വരെ ക്ലാസുകളിലേക്കുള്ള ICT സാധ്യതകൾ കണ്ടെത്തി ലിസ്റ്റ് ചെയ്ത് ലഭ്യമാക്കൽ | ജൂൺ അവസാന വാരം | S.R.G | |
| | ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ ക്ലാസ്സ് നിലവാരത്തിനുള്ളത് വാങ്ങൽ | ആഗസ്റ്റ് | H.M, ക്ലാസ്സ് അധ്യാപകർ, PTA | |

## <u>ഉപമേഖല- ഗണിത പഠനം</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 മുതൽ 4 വരെ ക്ലാസ്സുകളിലെ അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനും പഠന നേട്ട മുറപ്പാക്കുന്നതിനും ഗണിത പഠനം ആസ്വാദ്യകരമാക്കി ഗണിതത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിനും | പഠന നില കണ്ടെത്താൻ പ്രീ - ടെസ്റ്റ് നടത്തുന്നു. | ജൂൺ 2-ാം വാരം | ക്ലാസ്സ് ടീച്ചർ | |
| | പരിമിതികൾ കണ്ടെത്തി അവ പരിഹരിക്കാനായി നൽകാവുന്ന പ്രവർത്തനങ്ങൾ വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. | ജൂലൈ 1-ാം വാരം | SRG | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ഗണിത ക്ലബ്ബ് രൂപീകരണം മാസത്തിൽ ഒരു ദിവസം ഗണിതവുമായി ബന്ധപ്പെട്ട ഒരു പരിപാടി (ഗണിതശാസ്ത്ര പരിചയം, ക്വിസ്, ഗണിതപ്പാട്ട്, കളി) | ജൂലൈ 1-ാം വാരം | HM ഗണിത ക്ലബ്ബ് കൺവീനർ | |
| | ഗണിത അസംബ്ലി ആഴ്ചയിൽ ഒന്ന് (കുട്ടികൾ വിവിധ ആകൃതിയിൽ ○△□ നിൽക്കുന്നു. ഗണിത വാക്കുകളടങ്ങിയ പ്രാർത്ഥന, ഒരു ഗണിതപസിൽ | ജൂലൈ 2-ാം വാരം മുതൽ | ഗണിത ക്ലബ്ബ് ക്ലാസ്സ് അധ്യാപകർ | |
| | മാസത്തിൽ ഒരു ഗണിത മാഗസിൻ | ആഗസ്റ്റ് മുതൽ | ഗണിത ക്ലബ്ബ് കൺവീനർ, ക്ലാസ്സ് അധ്യാപകർ | |

## ഉപമേഖല- വായനാ പരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 മുതൽ 4 വരെ ക്ലാസ്സുകളിലെ കുട്ടികളെ ഒഴുക്കോടെ വായിപ്പിക്കാനും വായനയുടെ ലോകത്തിലൂടെ കടന്നു ചെന്ന് സർഗ്ഗാത്മക രചനകൾ നടത്താൻ പര്യാപ്തരാക്കുകയും മലയാളം, ഇംഗ്ലീഷ്, പുസ്തകങ്ങൾ വായിക്കാനുള്ള താൽപര്യമുണ്ടാക്കുകയും ചെയ്യുക. | ഒരോ ക്ലാസ്സിലേയും പാഠ പുസ്തകവുമായി ബന്ധപ്പെട്ട് ഒരുക്കേണ്ട അധിക വായനാ സാമഗ്രികൾ , റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ ലിസ്റ്റ് ചെയ്യൽ | ജൂൺ 2-ാം വാരം വാരം | SRG | |
| | അവ ലഭ്യമാക്കൽ ക്രമീകരിക്കൽ | ജൂലായ് ആദ്യ വാരം | HM ക്ലാസ്സ് അധ്യാപകർ P.T.A | |
| | ഓരോ കുട്ടിയ്ക്കും എന്റെ വായനാലോകം എന്ന ബുക്ക് തയ്യാറാക്കൽ വായിക്കുന്ന ഓരോ പുസ്തകത്തിനെക്കുറിച്ചും കുറിപ്പ് അതിൽ തയ്യാറാക്കൽ ഓരോ മാസാവസാനവും ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ച് കുറിപ്പ് തയ്യാറാക്കിയവർക്ക് സമ്മാനം | ജൂൺ 19 മുതൽ | ക്ലാസ്സ് ടീച്ചർ | |
| | പിറന്നാളിനൊരു പുസ്തകം പിറന്നാളിന് മിഠായിക്ക് പകരം ഒരു പുസ്തകം ക്ലാസ്സ് ലൈബ്രറിയിലേക്ക് | ജൂൺ മുതൽ | പി.ടി.എ | |
| | ഓരോ മാസാവസാനം വായനാ മത്സരം വിജയിക്ക് സമ്മാനദാനം | ജൂൺ മുതൽ | മലയാളം ക്ലബ്ബ് | |
| | ദിവസവും അസംബ്ലിയിൽ പത്രത്തിൽ നിന്ന് ഒരു ചോദ്യം ആദ്യം ഉത്തരം പറയുന്ന കുട്ടിക്ക് സമ്മാനം | ജൂൺ മുതൽ | ക്ലാസ് ടീച്ചർ | |

## ഉപമേഖല- ലൈബ്രറി ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെ വായനയുടേയും സർഗ്ഗാത്മകതയുടേയും ലോകത്തിലേക്ക് നയിക്കൽ | ലൈബ്രറിയിലേക്ക് ആവശ്യമുള്ള പുസ്തകങ്ങൾ, നിലവിലുള്ളവ, പാഠഭാഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ എന്നിവ ലിസ്റ്റ് ചെയ്യുക | ജൂൺ 19 | SRG | |
| | ക്ലാസ്സ് ലൈബ്രറി തയ്യാറാക്കൽ ലൈബ്രറിയനെ തെരഞ്ഞെടുക്കൽ, രജിസ്റ്റർ തയ്യാറാക്കൽ | ജൂൺ 15 ന് മുൻപ് | ക്ലാസ്സ് അധ്യാപകർ | |
| | പി.ടി.എ യുടെ സഹായത്തോടെ സമീപ വീടുകളിൽ നിന്ന് പുസ്തകശേഖരണം | | എച്ച്.എം പി.ടി.എ ക്ലാസ്സ് അധ്യാപകർ | |
| | വിഷയങ്ങൾ തിരിച്ച് ലൈബ്രറിയിൽ ക്രമീകരിക്കൽ | | ക്ലാസ് ലൈബ്രേറിയൻ, ക്ലാസ് അധ്യാപകർ | |
| | പത്രം, ബാലസാഹിത്യ പ്രസിദ്ധീകരണങ്ങൾ, എന്നിവ സ്കൂളിൽ വരുത്തുക. പിറന്നാളിനൊരു പുസ്തകം | | H.M SRG PTA കൺവീനർ | |

<u>ഉപമേഖല- പ്രവൃത്തി പരിചയ പഠനം</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠഭാഗത്തെ പ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യകരമാക്കാനും നിർമ്മാമ പ്രവർത്തനത്തിലേർപ്പെടാനുമുള്ള താത്പര്യം വർദ്ധിപ്പിക്കുന്നതിനും കൃത്യത, സൂക്ഷ്മത, തുടങ്ങിയ ശേഷി വികസനത്തിനും | 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് ചെയ്യാവുന്ന പ്രവർത്തനങ്ങൾ, അവയ്ക്കാവശ്യമായ സാമഗ്രികൾ സമയം എന്നിവ ലിസ്റ്റ് ചെയ്യൽ | ജൂലൈ 1-ാം വാരം | ക്ലാസ്സ് അധ്യാപകർ | |
| | ഓരോ ടേമിലും ഒരു പഠനോപകരണ നിർമാണ ശിൽപശാല സംഘടിപ്പിക്കുക | ആഗസ്റ്റ് മുതൽ | H.M<br>SRG കൺവീനർ<br>PTA | |
| | പ്രവൃത്തി പരിചയമേള സ്കൂൾ തലത്തിൽ വിപുലമായി നടത്തുക | ഡിസംബർ | H.M<br>PTA<br>ക്ലാസ് അധ്യാപകർ | |
| | പ്രവൃത്തി പരിചയത്തിൽ പ്രാവണ്യമുള്ള അധ്യാപകർ രക്ഷിതാക്കൾ എന്നിവരുടെ ക്ലാസ്സ് സംഘടിപ്പിക്കുക. | | H.M<br>SRG കൺവീനർ | |

# അക്കാദമിക നിലവാരം ഉയർത്താൻ ഇനി ആവശ്യമുള്ള സാമഗ്രികൾ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ ഡസ്ക്ടോപ്പ് | 1 | 15 |
| ലാപ്ടോപ്പ് | 2 | 4 |
| പ്രൊജക്ടർ എൽസി.ഡി | 1 | 1 |
| റേഡിയോ | 0 | 1 |
| ക്യാമറ | 0 | 1 |
| വിക്ടർ ചാനലിൻെറ ലഭ്യം | 0 | 1 |
| സ്മാർട്ട് ക്ലാസ്സ് റൂം | 1 | 3 |
| ഇൻററാക്ടീവ് വൈറ്റ് ബോർഡ് | 1 | 3 |
| മൈക്ക് സെറ്റ് | 0 | 1 |
| ലൈബ്രറി അലമാര | 1 | 4 |